**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1375** **19-06-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി നിയോജകമണ്ഡലത്തിലെ കുട്ടികളുടെ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിൽ മണപ്പാട്ട് ചിറയോട് ചേർന്ന് സംസ്ഥാന ടൂറിസം വകുപ്പ് 2021-ൽ 65 ലക്ഷം രൂപ ഭരണാനുമതി നൽകി നിർമ്മിച്ച കുട്ടികളുടെ പാർക്കിൻെറ നിർമ്മാണം പൂർത്തിയായി ഒരു വർഷം കഴിഞ്ഞിട്ടും പൊതുജനങ്ങൾക്കായി തുറന്ന് നൽകാത്തതിൻെറ കാരണം വിശദമാക്കാമോ; | (എ) | **മണപ്പാട്ട് ചിറയോട് ചേർന്നു നിർമിച്ച കുട്ടികളുടെ പാർക്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ജലവിഭവ വകുപ്പും മലയാറ്റൂർ - നീലീശ്വരം ഗ്രാമപഞ്ചായത്തുമായുള്ള കേസ് ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ പാർക്കിന്റെ നടത്തിപ്പ് ചുമതല കൈമാറാൻ കാലതാമസം നേരിടുന്നുണ്ട്.** |
| (ബി) | പ്രസ്തുത പാർക്ക് തുറന്ന് നൽകുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഡി.ടി.പി.സി. സെക്രട്ടറി, ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ, ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ പങ്കെടുത്ത യോഗ തീരുമാനപ്രകാരം പാർക്ക് തുറന്ന് നൽകാനെടുത്ത തീരുമാനം നടപ്പിലാക്കാത്തതിൻെറ കാരണവും കാലതാമസവും വിശദമാക്കാമോ; | (ബി) | സ്ഥലത്തിന്റെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട കേസ് ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ളതിനാൽ പ്രസ്തുത പാർക്ക് തുറന്നു കൊടുക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. |
| (സി) | പാർക്കിലെ ഉപകരണങ്ങൾ നശിക്കുന്നത് സംബന്ധിച്ച് 463/24 നമ്പരായി 09.05.2024 -ൽ സ്ഥലം എം.എൽ.എ. നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത കത്തിൽ സൂചിപ്പിച്ചിട്ടുള്ള വീഴ്ചകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ഈ വിഷയം പരിശോധിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്കു നിർദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പാർക്ക് ഔപചാരികമായി എന്ന് പൊതുജനങ്ങൾക്കായി തുറന്ന് നൽകുമെന്ന് വ്യക്തമാക്കാമോ? | (ഡി) | സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ പ്രസ്തുത **പാർക്കിന്റെ നടത്തിപ്പ് ചുമതല മാത്രം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനു കൈമാറാനുള്ള സാധ്യത പരിശോധിക്കാൻ എറണാകുളം ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ യോഗം ചേരുന്നതാണ്.** |

സെക്ഷൻ ഓഫീസർ